# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ.റ്റി.വി. IAS)

================================================================

ഉത്തരവ് നം. WEC-2/7250/21 തീയതി : 03/02/2022

================================================================

വിഷയം: വനിതാ ശിശുവികസന വകുപ്പ്-'സഹായ ഹസ്തം' 2020-21 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം- അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1.സ.ഉ(സാ.ധാ)നം.406/2020/സാ.നീ.വ തീയതി 18/08/2020.

.2 വനിതാ ശിശുവികസന ഡയറക്ടറുടെ 06/02/2021 ലെ WEC.2/4551/20 നമ്പർ സർക്കുലർ .

3.കൊല്ലം ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 30/12/2021 ലെ DWCDO /KLM/C-285/21 നം. കത്ത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതിയായ 'സഹായ ഹസ്തം' പദ്ധതി പ്രകാരം ഒരാൾക്ക് 30000/- രൂപ ക്രമത്തിൽ ഒറ്റത്തവണ ധനസഹായമായി ഒരു ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 10 ഗുണഭോക്താക്കൾ എന്ന രീതിയിൽ 14 ജില്ലകളിൽ നിന്നും 140 പേർക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് 42,00,000/- രൂപ (നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട് . 2020-21 വർഷം 'സഹായഹസ്തം' പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു നൽകുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം DWCDO മാരെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് & ഇവാല്യവേഷൻ കമ്മിറ്റി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേര് വിവരം ഉൾപ്പെടെയുള്ള ലിസ്റ്റ് സഹിതം കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ പരാമർശം (3) പ്രകാരം ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഒരു ജില്ലയിൽ നിന്നും പരമാവധി പത്ത് ഗുണഭോക്താക്കൾ എന്ന രീതിയിൽ കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ ചെയ്ത 10 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.